## തീർപ്പാക്കിയ കേസിലെ വിധി പരമോന്നത കോടതിയുടെ നിയമ വ്യാഖ്യാനങ്ങളിലെ വ്യത്യാസത്തിനനുസരിച്ച് ഭേദഗതി ചെയ്യാനാവില്ല

### കേരള ഹൈക്കോടതി

C.E.A. No. 10/2019 Dt. 6.12.2019

മലബാർ റിജണൽ കോ-ഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ ലിമിറ്റഡ്
x
കമ്മീഷണർ ഓഫ് സെൻട്രൽ
എക്സൈസ്

സെൻട്രൽ എക്സൈസ് നിയമപ്രകാരം നികുതിയടയ്ക്കാൻ ബാധ്യസ്ഥനായ നികുതിദായകൻ കൃത്യമായി നികുതിയടക്കുന്ന കാര്യത്തിൽ വീഴ്ച വരുത്തി. കുറെ കാലം കഴിഞ്ഞപ്പോൾ തന്റെ പ്രവൃത്തി നിയമവിരുദ്ധമാണെന്ന് ബോധ്യപ്പെടുകയും പിടിക്കപ്പെട്ടാൽ പിഴയടക്കേണ്ടിവരുമെന്നും പിടിക്കപ്പെടുമെന്നും മനസ്സിലാക്കുകയും ചെയ്ത നികുതിദായകൻ സ്വമേധയാ നികുതി അടയ്ക്കാൻ തയ്യാറായി. നികുതി അടച്ചുകഴിഞ്ഞപ്പോൾ സെൻട്രൽ എക്സൈസ് കമ്മീഷണർ നികുതിദായകന് കാരണം-കാണിക്കൽ നോട്ടീസ് നല്കി. നികുതിവെട്ടിപ്പ് നടത്തിയ നികുതിദായകന് പിഴ ചുമത്താതിരിക്കാൻ കാരണമുണ്ടെങ്കിൽ ബോധിപ്പിക്കണമെന്നാണ് നോട്ടീസിലൂടെ കമ്മീഷണർ ആവശ്യപ്പെട്ടത്. നികുതി പൂർണ്ണമായും അടച്ചുകഴിഞ്ഞതിനു ശേഷം പിഴ ചുമത്തുന്നത് നിയമാനുസൃതമല്ലെന്നും തനിക്കെതിരെയുള്ള ശിക്ഷാ നടപടി അവസാനിപ്പിക്കേണ്ടതാണെന്നും നികുതിദായകൻ ബോധിപ്പിച്ചു. നികുതിദായകന്റെ വാദങ്ങൾ അംഗീകരിക്കാനാവില്ലെന്നു കണ്ട സെൻട്രൽ എക്സൈസ് കമ്മീഷണർ പിഴ ചുമത്തിക്കൊണ്ട് ഉത്തരവിറക്കി. ഇതിനെതിരെ നികുതിദായകൻ കസ്റ്റംസ്, എക്സൈസ് ഏന്റ് സർവീസ് ടാക്സ് അപ്പലേറ്റ് ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ സമർപ്പിച്ചു. പിഴ ചുമത്തുന്നതു സംബന്ധിച്ച കാരണം-കാണിക്കൽ നോട്ടീസ് നല്കുന്നതിനു മുമ്പേ നികുതി മുഴുവൻ അടച്ചുതീർത്ത നികുതിദായകന് പിഴ ചുമത്തുന്നത് നിയമാനുസൃതമല്ലെന്ന് പരമോന്നത കോടതി വ്യക്തമാക്കിയിട്ടുണ്ടെന്ന് നികുതിദായകൻ ചൂണ്ടിക്കാട്ടിയത് അംഗീകരിച്ച അപ്പലേറ്റ് ട്രൈബ്യൂണൽ സെൻട്രൽ എക്സൈസ് കമ്മീഷണറുടെ ഉത്തരവ് റദ്ദാക്കി. നികുതിദായകൻ കാരണം-കാണിക്കൽ നോട്ടീസ് ലഭിക്കുന്നതിനു മുമ്പേ നികുതിയടച്ചതിനാൽ പിഴയടയ്ക്കാൻ ബാധ്യസ്ഥനല്ലെന്നു കണ്ട ട്രൈബ്യൂണൽ നികുതിദായകനെതിരെയുള്ള ശിക്ഷാ നടപടികൾ റദ്ദാക്കി. അപ്രകാരമിരിക്കെ പരമോന്നത കോടതി പുതിയ ഒരു വിധി പുറപ്പെടുവിച്ചു. പിഴ സംബന്ധിച്ച് മറ്റൊരു കേസിൽ പരമോന്നത കോടതി പുറപ്പെടുവിച്ച വിധിയിൽ നിന്ന് തുലോം വിഭിന്നമായ വിധിയാണ് ഇത്തവണ പരമോന്നത കോടതി പുറപ്പെടുവിച്ചത്. അതനുസരിച്ച് നികുതി വെട്ടിപ്പ് നടത്തിയെന്ന് തെളിഞ്ഞാൽ ഏതു സാഹചര്യത്തിലായാലും പിഴയടയ്ക്കാൻ നികുതിദായകൻ ബാധ്യസ്ഥനാണ്. നികുതിയടച്ചത് കാരണം-കാണിക്കൽ നോട്ടീസിന് മുമ്പായാലും പിഴയടയ്ക്കാനുള്ള ബാധ്യതയിൽ നിന്ന് നികുതിദായകന് രക്ഷപ്പെടാനാവില്ലെന്ന് പരമോന്നത കോടതി അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു. ഇത് മനസ്സിലാക്കിയ സെൻട്രൽ എക്സൈസ് കമ്മീഷണർ നികുതിദായകനെതിരെ ടാക്സ് അപ്പലേറ്റ് ട്രൈബ്യൂണൽ മുമ്പാകെ തിരുത്തൽ ഹർജി സമർപ്പിച്ചു. പരമോന്നത കോടതിയുടെ പുതിയ വിധിയിലെ നിയമവ്യാഖ്യാനം ശ്രദ്ധയിൽപ്പെട്ട ട്രൈബ്യൂണൽ മുൻ വിധി തിരുത്താൻ തീരുമാനിച്ചു. അതിനു ശേഷം നികുതിദായകന്റെ അപ്പീൽ പുനരെടുത്ത് വാദം കേട്ട ട്രൈബ്യൂണൽ ആദ്യത്തെ വിധി പരമോന്നത കോടതിയുടെ പുതിയ വിധിക്കനുസൃതമായി തിരുത്തുകയും പിഴയടയ്ക്കാൻ നികുതിദായകനോട് നിർദ്ദേശിക്കുകയും ചെയ്തു. ഇതിനെതിരെ നികുതിദായകൻ ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. തന്റെ അപ്പീൽ തീർപ്പാക്കിയത് അന്ന് പ്രാബല്യത്തിലുള്ള നിയമ വ്യാഖ്യാനമനുസരിച്ചാണെന്നും അതിൽ തെറ്റില്ലെന്നും പിന്നീട് പരമോന്നത കോടതി പുറപ്പെടുവിച്ച പുതിയ വിധിക്കനുസരിച്ച് തീർപ്പാക്കിയ പഴയ കേസ് പുനരെടുത്ത് വിധി തിരുത്തിയത് നിയമാനുസൃതമല്ലെന്നും നികുതിദായകൻ വാദിച്ചു. അപ്പലേറ്റ് ട്രൈബ്യൂണലിനു പറ്റിയ അബദ്ധ ം തിരുത്തുക മാത്രമാണ് ചെയ്തതെന്നും അതിൽ തെറ്റില്ലെന്നും സെൻട്രൽ എക്സൈസ് കമ്മീഷണർ വാദിച്ചു. ഒരിക്കൽ തീർപ്പാക്കിയ കേസ് പിന്നീടുണ്ടാകുന്ന നിയമ വ്യാഖ്യാനങ്ങൾക്കനുസരിച്ച് ഭേദഗതി വരുത്താനാവില്ലെന്ന് വിലയിരുത്തിയ ഹൈക്കോടതി ടാക്സ് അപ്പലേറ്റ് ട്രൈബ്യൂണലിന്റെ രണ്ടാമത്തെ വിധി അസ്ഥിരപ്പെടുത്തുകയും ആദ്യത്തെ വിധി ശരിവയ്ക്കുകയും നികുതിദായകന്റെ അപ്പീൽ അനുവദിക്കുകയും പിഴ അടയ്ക്കാൻ ബാധ്യതയില്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്തു.